# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **2404** — 18.06.2014 - ൽ മറുപടിയ്ക്ക്

## സ്വകാര്യ ആയുർവേദ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻനായർ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.വി. വിജയദാസ്<br>ഡോ. കെ. ടി. ജലീൽ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആയുർവേദ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കാൻ എന്ത് സംവിധാനമാണുള്ളത് ;<br>(ബി) ഇത്തരം സ്ഥാപനങ്ങളിൽ വലിയൊരു പങ്കിലും ചികിത്സിക്കുന്നത് യോഗ്യതയുള്ളവരല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഇത്തരക്കാരെ നിയന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ ; | (എ) & (ബി) കേരളത്തിലെ സ്വകാര്യ ആയുർവേദ കേന്ദ്രങ്ങൾക്ക് അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും എന്ന നിയമം 2007-ൽ നിലവിൽ വന്നുവെങ്കിലും ടി നിയമം നടപ്പിലാക്കുന്നതിൽ അപാകതയുണ്ടെന്ന് പരാതി ഉയർന്നതിനെ തുടർന്ന് ഗവൺമെന്റിൽ നിന്നും ഒരു കമ്മിറ്റിയെ നിയമിക്കുകയും ടി കമ്മിറ്റി മേൽപ്പറഞ്ഞ നിയമത്തിൽ ഭേദഗതികൾ നിർദ്ദേശിക്കുകയുമുണ്ടായി. എന്നാൽ 2013- ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും ) ബില്ലിൽ ആയുർവേദ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 2007-ൽ നിലവിൽ വന്ന നിയമം റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2013-ലെ ബിൽ പാസ്സാക്കി നിയമമാകുന്നതോടെ സ്വകാര്യ ആയുർവേദ സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിലാകും. |

| | |
|---|---|
| (സി) ആയുർവേദ മരുന്നുകളുടെ നിലവാരം പരിശോധിക്കാറുണ്ടോ ; പ്രസ്തുത പരിശോധനയുടെ കണ്ടെത്തലുകൾ അറിയിക്കുമോ ; | (സി) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ട്. പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ നിർമ്മാതാവിനേയും സാമ്പിൾ ശേഖരിച്ച ഡ്രഗ്സ് ഇൻസ്പെക്ടർമാരേയും അറിയിക്കുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ വകുപ്പുതല നടപടിയും നിയമ നടപടിയും സ്വീകരിച്ചുവരുന്നു. |
| (ഡി) മരുന്നുകളുടെ നിലവാരം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റെ മാനദണ്ഡം അറിയിക്കുമോ ? | (ഡി) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ ആയുഷ് ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരിച്ച ടെസ്റ്റിങ്ങ് പ്രോട്ടോക്കോൾ ഫോർ ആയുർവേദ, സിദ്ധ, യുനാനി ഡ്രഗ്സിൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാര നിർണ്ണയം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ